# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

***വിഷയം:-*** പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനം ചെയ്തത് മൂലം നഷ്ടപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ പുനഃക്രമീകരിച്ച് സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

***പരാമർശം:***
–

1. സ.ഉ.(അച്ചടി)നം.152/2015/തസ്വഭവ തീയതി: 30.04.2015.
2. സ.ഉ.(അച്ചടി)നം.178/2015/തസ്വഭവ തീയതി: 26.05.2015.
3. സ.ഉ.(അച്ചടി)നം.146/2015/തസ്വഭവ തീയതി: 30.04.2015.
4. സ.ഉ.(അച്ചടി)നം.150/2015/തസ്വഭവ തീയതി: 30.04.2015.
5. സ.ഉ.(അച്ചടി)നം.1482/2015/തസ്വഭവ തീയതി: 30.04.2015.
6. സ.ഉ.(കൈ)നം.333/2015/തസ്വഭവ തീയതി: 31.10.2015.
7. പഞ്ചായത്ത് ഡയറക്ടറുടെ 05.01.2016-ലെ ഇ8-32700/2015 നമ്പർ കത്ത്.
8. സ.ഉ.(കൈ)നം.109/2017/തസ്വഭവ തീയതി: 05.06.2017.

***ഉത്തരവ് നമ്പർ ഇ8-19284/2017 തീയതി: 19.06.2017.***

പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം 6 ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനുകളുമായി കൂടിച്ചേരുകയും 31 ഗ്രാമപഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളായി മാറി 01.11.2015 പ്രാബല്യത്തിൽ നിലവിൽ വരികയും ചെയ്തതിനെ തുടർന്ന് പഞ്ചായത്ത് വകുപ്പിൽ അധികം വന്ന തസ്തികകൾ വകുപ്പിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം(7) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറി മുതൽ ആഫീസ് അറ്റൻഡന്റ് വരെയുള്ള 448 തസ്തികകൾ അധികതസ്തികകൾ ആവശ്യമുള്ള വിവിധ ആഫീസുകളിൽ സൃഷ്ടിച്ച് പുനർ വിന്യസിച്ചുകൊണ്ട് പരാമർശം (8) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇപ്രകാരം അധികമായി വന്ന 37 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ പഞ്ചായത്ത് വകുപ്പിൽത്തന്നെ നിലനിർത്തുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതും, സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിച്ചതുമായ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിച്ച് ഉത്തരവാകുന്നു.

| ജില്ല | | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|
| തിരുവനന്തപുരം | 1. | അരുവിക്കര |
| | 2. | നന്ദിയോട് |
| | 3. | ചിറയിൻകീഴ് |
| | 4. | കരുംകുളം |
| | 5. | തൊളിക്കോട് |
| | 6. | ആര്യങ്കോട് |
| | 7. | പെരുങ്കടവിള |
| കൊല്ലം | 8. | തൃക്കരുവ |
| പത്തനംതിട്ട | 9. | പന്തളം തെക്കേക്കര |
| | 10. | തോട്ടപ്പുഴശ്ശേരി |
| കോട്ടയം | 11. | മറവൻതുരുത്ത് |
| | 12. | കോരുത്തോട് |
| ആലപ്പുഴ | 13. | പാലമേൽ |

| | | |
|---|---|---|
| | 14. | പുന്നപ്രസൗത്ത് |
| | 15. | പട്ടണക്കാട് |
| | 16. | കോടംതുരുത്ത് |
| **ഇടുക്കി** | 17. | ശാന്തൻപാറ |
| **എറണാകുളം** | 18. | ആയവന |
| | 19. | ആവോലി |
| | 20. | ചേന്ദമംഗലം |
| **തൃശ്ശൂർ** | 21. | കാറളം |
| | 22. | പൊയ്യ |
| | 23. | കുഴൂർ |
| **പാലക്കാട്** | 24. | നെന്മാറ |
| | 25. | വടകരപതി |
| | 26. | പരുതൂർ |
| | 27. | വല്ലപ്പുഴ |
| **മലപ്പുറം** | 28. | എടക്കര |
| | 29. | കാലടി |
| | 30. | പെരുമ്പടപ്പ് |
| | 31. | പൊന്മുണ്ടം |
| **കോഴിക്കോട്** | 32. | അരിക്കുളം |
| **വയനാട്** | 33. | പൊഴുതന |
| | 34. | തൊണ്ടർനാട് |
| | 35. | കോട്ടത്തറ |
| **കാസർഗോഡ്** | 36. | മൊഗ്രാൽപുത്തൂർ |
| | 37. | പനത്തടി |

മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ഉദ്യോഗസ്ഥർ നിയമിക്കപ്പെടുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുവാൻ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

***(ഒപ്പ്)***

**വി.രതീശൻ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

**പകർപ്പ്:**

(1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖകത്ത് സഹിതം)
(2) ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
(3) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(4) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക്
(5) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക്
(ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
(6) ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്(ആമുഖകത്ത് സഹിതം)
(7) പഞ്ചായത്ത് ഡയറക്ടറുടെ/അഡീഷണൽ ഡയറക്ടറുടെ/ജോയിന്റ് ഡയറക്ടറുടെ സി.എ.യ്ക്ക്
(8) കരുതൽ ഫയൽ/അധികം

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

സി.എൻ.